**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനഭൂമിയ്ക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 1977 ജനുവരി 1 വരെയുള്ള വനഭൂമി കൈയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി വന (സംരക്ഷണ) നിയമ പ്രകാരം 1993 -ൽ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് പട്ടയം നൽകുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | സംസ്ഥാനത്ത് 1977 ജനുവരി 1-ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇത്തരത്തിൽ പട്ടയം നൽകുന്ന പ്രദേശങ്ങളുടെ മൊത്തം വിസ്തൃതി സംബന്ധിച്ച വിശദാംശം നൽകുമോ; കേന്ദ്രാനുമതി ലഭ്യമായിക്കഴിഞ്ഞാൽ ഇതുസംബന്ധിച്ച് സ്വീകരിക്കുന്ന തുടർ നടപടികൾ വിശദമാക്കാമോ? | (സി) | 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചത് പ്രകാരം സതേൺ സർക്കിളിന്റെ കീഴിൽ റാന്നി ഡിവിഷന്റെ പരിധിയിലുള്ള 6362 കുടുംബങ്ങളും, പുനലൂർ ഡിവിഷന്റെ പരിധിയിലുള്ള 3429 കൈവശക്കാർക്കും; കോന്നി ഡിവിഷനിലെ 141.03 ഹെക്ടർ, തെന്മല ഡിവഷനിലെ 70 ഹെക്ടർ, തിരുവനന്തപുരം ഡിവിഷനിലെ 64.07 ഹെക്ടർ ഭൂമിയും കൈവശമുള്ളതായും; ഹൈറേഞ്ച് സർക്കിൾ, കോട്ടയത്തിന്റെ പരിധിയിലുള്ള 5365.759 ഹെക്ടർ; സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ പരിധിയിലുള്ള 4219.6035 ഹെക്ടറും; ഈസ്റ്റേൺ സർക്കിൾ, പാലക്കാടിന്റെ പരിധിയിലുള്ള 406.426 ഹെക്ടറും, നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ പരിധിയിലുള്ള 520.036 ഹെക്ടറും; വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാടിന്റെ പരിധിയിലുള്ള 205.5446 ഹെക്ടർ ഭൂമിയും പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധനയിൽ ഉണ്ടെന്ന് സർക്കിൾ ചീഫ് |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ നിന്നും കേന്ദ്രാനുമതി ലഭിച്ച പ്രകാരം കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1970.041 ഹെക്ടർ കൈവശ വനഭൂമിയുടെ പ്രൊപ്പോസൽ കേന്ദ്രത്തിന്റെ പരിഗമണനയിലാണ്. കേന്ദ്രാനുമതി ലഭ്യമായി കഴിഞ്ഞാൽ പ്രസ്തുത ഭൂമിയുടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. എന്നാൽ ബഹു ഹൈക്കോടതിയുടെ 08.11.2018 ലെ WP(C) 4511/2018 നിക്ഷിപ്ത വനഭൂമിയിലും, പരിസ്ഥിതി ലോലാപ്രദേശങ്ങളിലുമുള്ള 01.01.1977 ന് മുമ്പുള്ള കൈയ്യേറ്റം ക്രമവൽക്കരിക്കാൻ പാടില്ലാത്തതുമാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ഓരോ സർക്കിളുകളുടെയും ആകെയുള്ളതും, നൽകിയതും, ബാക്കി നൽകാനുള്ളതുമായ ഭൂമിയുടെ വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

പട്ടിക-1

**സംസ്ഥാനത്ത് വനഭൂമി കൈയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് പട്ടയം നൽകുന്നതിന് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വിവിധ വനം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.**

| വനം സർക്കിൾ | 01.01.1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് സംയുക്ത പരിശോധനയിലൂടെ പട്ടയം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ |
|---|---|
| സതേൺ സർക്കിൾ, കൊല്ലം. | ഈ സർക്കിളിലെ റാന്നി ഡിവിഷൻ പരിധിയിൽ 6362 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്രസർക്കാർ നിയോഗിച്ച പ്രതിനിധി 15.09.2021, 16.09.2021 എന്നീ തീയതികളിലായി കൈയ്യേറ്റ പ്രദേശങ്ങൾ പരിശോധിച്ചിട്ടുള്ളതാണ്. ടി പ്രൊപ്പോസലിൽ അനുമതി ലഭ്യമാക്കുന്നതിന്റെ അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>കോന്നി വനം ഡിവിഷനിൽ 01.01.1977-നു മുമ്പുള്ള വനം കൈയ്യേറ്റക്കാരുടെ സംയുക്ത പരിശോധന ലിസ്റ്റിൽ ആകെ 649 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ കേന്ദ്രനുമതി ലഭിച്ച 60 ഹെക്ടർ ഭൂമിക്ക് 303 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 63.38 ഹെക്ടർ ഭൂമിക്കും കൊല്ലം ജില്ലയിലെ 103 പേർക്കായുള്ള 17.902 ഹെക്ടർ ഭൂമിക്കും പട്ടയം നൽകുന്നതുനുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.<br>പുനലൂർ ഡിവിഷനിൽ റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 3429 കൈവശക്കാരുടെ സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ നിലവിൽ റി വെരിഫിക്കേഷൻ നടത്തിക്കൊണ്ടിയിരിക്കുകയാണ്. ആയത് റവന്യൂ വകുപ്പ് പൂർത്തിയാക്കി വനംവകുപ്പിലേക്ക് പരിവേഷ് പോർട്ടൽ മുഖേന ഓൺലൈനായി നൽകിയാൽ ഉടൻ കേന്ദ്രനുമതിക്ക് അയക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>തെന്മല വനം ഡിവിഷനിൽ കൊല്ലം ജില്ലയ്ക്കായി കേന്ദ്രനുമതി ലഭിച്ച 70 ഹെകടറിൽ നിന്നും 331 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിട്ടുണ്ട്. നിലവിൽ ആര്യങ്കാവ്, ഇടമൺ, കുളത്തൂപ്പുഴ, തെന്മല എന്നീ വില്ലേജുകളിലായി 1012 കൈവശങ്ങളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് ലിസ്റ്റ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.<br>തിരുവനന്തപുരം വനം ഡിവിഷനിൽ 64.02 ഹെക്ടർ വനഭൂമിയിൽ വനം റവന്യൂ വകുപ്പുകളുടെ സംയുക്തപരിശോധന പൂർത്തിയായിട്ടുണ്ട്. ഇതിൽ ഏകദേശം 80% വ്യക്തികളും മുമ്പ് തയ്യാറാക്കിയ സ്കെച്ച് പ്രകാരമല്ല ഇപ്പോൾ ഭൂമി കൈവശം വച്ചിരിക്കുന്നതെന്നും 20% പേർ ഭൂമി കൈമാറ്റം നടത്തി ഇപ്പോൾ പുതിയ വ്യക്തികളാണ് കൈവശം വച്ചിരിക്കുന്നതെന്നും |

| | |
|---|---|
| | ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ മുമ്പ് കൈവശ രേഖ നൽകിയ വിസ്തീർണ്ണത്തിന് മാറ്റം വരാതെ നില വിലെ കൈവശമനുസരിച്ച് ഓരോ വ്യക്തിയുടെയും കൈവശഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി കൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുള്ളതാണ്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | ഈ സർക്കിളിന്റെ പരിധിയിൽ വനം - റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 01.01.1977 നുമുമ്പുള്ള കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിൽ 5365.7579 ഹെക്ടർ ഭൂമി കൈയ്യേറ്റമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 4935 ഹെക്ടർ വനഭൂമി പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ സ്ഥലത്തിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള സ്ഥലങ്ങൾക്ക് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനായി യൂസർ ഏജൻസി യായ റവന്യൂ വകുപ്പ് കേന്ദ്ര സർക്കാരിന്റെ പോർട്ടലായ 'പരിവേഷ്'ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ. | ഈ സർക്കിളിനു കീഴിലെ മലയാറ്റൂർ ഡിവിഷനിൽ വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന 1983-84 കാലഘട്ടത്തിൽ പൂർത്തിയാക്കി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനും പട്ടയം നൽകുന്നതിനുമുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു.<br>ചാലക്കുടി ഡിവിഷനിലെ സംയുക്ത പരിശോധന പൂർത്തിയാക്കിയ അപേക്ഷകരുടെ അന്തിമ ലിസ്റ്റ് റവന്യൂ വകുപ്പിന് സമർപ്പിച്ചിണ്ട്. ടി ലിസ്റ്റിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് ചാലക്കുടി തഹസിൽദാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>തൃശ്ശൂർ ജില്ലയിൽ ആകെ 3779.6035 ഹെക്ടർ ഭൂമി തിട്ടപ്പെടുത്തിയതിൽ 1164.4556 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കി ഭൂമികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നു. എറണാകുളം ജില്ലയിൽ ആകെ 450.5005 ഹെക്ടർ ഭൂമി തിട്ടപ്പെടുത്തിയതിൽ 440 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതാണ്. ബാക്കി വരുന്ന 10.5005 ഹെക്ടറിൽ നിന്ന് 0.9828 ഹെക്ടർ ക്ഷേത്രഭൂമികൾ ആയതിനാൽ ഒഴിവാക്കിയിട്ടുള്ളതും, 9.5117 ഹെക്ടറിന് കേന്ദ്രാനുമതി ലഭിക്കാൻ ശേഷിക്കുന്നതുമാണ്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | ഈ സർക്കിളിന്റെ പരിധിയിൽ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി വനം- റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 01.01.1977 ന് മുമ്പുള്ള വനം കൈയ്യേറ്റമായി കണ്ടെത്തിയ 1123 അപേക്ഷകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ടി കയ്യേറ്റക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം പരിവേഷ് |

| | |
|---|---|
| | പോർട്ടലിൽ രേഖകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടിതയിൽ 08.11.2018 ലെ WP(C) 4501/18 നമ്പർ ഉത്തരവ് പ്രകാരം നിക്ഷിപ്ത വനഭൂമിയിലെ കയ്യേറ്റം ക്രമവൽക്കരിക്കാൻ പാടില്ലാത്തതാണെന്ന് ഉത്തര വായിട്ടുള്ളതാണ്. അയതിനെതിരെ ഹർജിക്കാർ സമർപ്പിച്ച അപ്പീൽ അപേക്ഷയും (WA 694/19) തള്ളിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ മേൽ കോടതിയിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടാവുകയാണെങ്കിൽ മാത്രമെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | ഈ സർക്കിളിന്റെ പരിധിയിൽ വരുന്ന കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ 01.01.1977 ന് മുമ്പ് കൈയ്യേറിയിട്ടുള്ള വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പ് സംയുക്തമായി പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരം നടത്തിയ പരിശോധന പ്രകാരം കാസർഗോഡ് ജില്ലയിൽ 2 അപേക്ഷകളിലായി 1.052 ഹെക്ടർ വനഭൂമിയും വയനാട് ജില്ലയിൽ 1441 അപേക്ഷകളിലായി 464.003 ഹെക്ടർ വനഭൂമിയും കണ്ണൂർ ജില്ലയിൽ 94 അപേക്ഷകളിലായി 9.32 ഹെക്ടർ വനഭൂമിയും, കോഴിക്കോട് ജില്ലയിൽ 122 അപേക്ഷകളിലായി 45.661 ഹെക്ടർ വനഭൂമിയുമാണ് 01.01.1977 ന് മുമ്പ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്. കൈയ്യേറ്റം സാധൂകരിച്ച് പട്ടയം നൽകുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം കേന്ദ്ര സർക്കാരിൻെറ മുൻകൂർ അനുമതി ലഭിക്കണമെങ്കിൽ റവന്യൂ വകുപ്പ് പ്രൊപ്പോസൽ PARIVESH ഓൺലൈൻ പോർട്ടലിൽ യഥാവിധി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം യഥാവിധി PARIVESH ഓൺലൈൻ പോർട്ടലിൽ പ്രൊപ്പോസൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി കണ്ണൂർ ഉത്തരമേഖലാ സർക്കിളിന്റെ കീഴിലുള്ള കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലൊന്നും തന്നെ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടില്ല. |
| വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ, പാലക്കാട്. | ഈ സർക്കിളിൽ സൈലന്റ് വാലി ബഫർ സോൺ രൂപീകരണത്തിന്റെ ഭാഗമായി മണ്ണാർക്കാട് ഡിവിഷനിൽ നിന്നും സൈലന്റ് വാലി വന്യജീവി ഡിവിഷന് കൈമാറിയ 01.01.1977 നു മുമ്പുള്ള കൈയ്യേറ്റമായ 132 കേസുകളും, നിലമ്പൂർ സൗത്ത് ഡിവിഷനിൽ നിന്നും 61 കേസുകളുടെയും സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടിതയിൽ 08.11.2018 ലെ WP(C) 4501/18 നമ്പർ ഉത്തരവ് പ്രകാരം നിക്ഷിപ്ത വനഭൂമിയിലും ഇക്കോളജിക്കൽ ഫ്രെജൈൽ ലാന്റിലുമുള്ള 01.01.1977നു മുമ്പുള്ള കയ്യേറ്റം ക്രമവൽക്കരിക്കാൻ പാടില്ലാത്തതാണെന്ന് ഉത്തര വായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ മേൽ കോടതിയിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടാവുകയാണെങ്കിൽ മാത്രമെ പട്ടയം |

| | |
|---|---|
| | നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| ഫീൽഡ് ഡയറക്ടർ, വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | ഈ സർക്കിളുകളുടെ പരിധിയിൽ 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന കർഷകർക്ക് പട്ടയം നൽകേണ്ട അപേക്ഷകൾ നിലവിലില്ല എന്നറിയിച്ചിട്ടുണ്ട്. |
| അഗസ്ത്യവനം ബയോളജിക്കാൽ പാർക്ക്, തിരുവനന്തപുരം. | |